(ബി) ഈ പ്രതിബന്ധങ്ങൾ തരണം ചെയ്യുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ ;

(സി) ഈ സർക്കാരിന്റെ കാലത്ത് എയർ കേരള പദ്ധതി പ്രാബല്യത്തിലാക്കാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പരിചയവും, 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. കമ്പനിക്ക് പ്രവർത്തനം ആരംഭിക്കാൻ ഈ വ്യവസ്ഥകൾ ഇളവുചെയ്ത് നൽകണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി &സി) അന്തർദേശീയ വ്യോമയാന മേഖലയിലെ ദീർഘകാല പ്രവൃത്തി പരിചയം കണക്കിലെടുത്ത് സിയാലിന്റെ നേതൃത്വത്തിൽ 'AIR KERALA'എന്ന പേരിൽ International Budget Air അനുവദിക്കുന്നതിന് ആവശ്യമായ ഇളവുകളും അനുമതിയും നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ച് 8-6-2015-ലും മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ മറുപടി ലഭ്യമായെങ്കിൽ മാത്രമേ മറ്റു കാര്യങ്ങളിൽ തീരുമാനമെടുക്കാൻ കഴിയൂ.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം

208 (216) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണത്തിനായി ആകെ എത്ര ഭൂമിയാണ് ഏറ്റെടുക്കുവാൻ നിശ്ചയിച്ചിട്ടുള്ളത് ;

(ബി) ഇതിനോടകം എത്ര ഭൂമി ഏറ്റെടുത്ത് കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ അവകാശത്തിലാക്കിയെന്ന വ്യക്തമാക്കുമോ ;

(സി) ഇനിയും എത്ര ഭൂമിയാണ് ഏറ്റെടുക്കുവാനുള്ളത് ;

(ഡി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണത്തിനായി ഇനിയും ഏറ്റെടുക്കുവാനുള്ള ഭൂമിയുടെ ഏറ്റെടുക്കൽ പ്രവർത്തനം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പദ്ധതിക്കുവേണ്ടി കണക്കാക്കിയിട്ടുള്ള മൊത്തം ഭൂമി 2200 ഏക്കർ ആണ്.

(ബി) 645.02 ഏക്കർ ഭൂമിയുടെ കൈവശാവകാശവും ഉടമസ്ഥാവകാശവും കിയാലിനുണ്ട്. കൂടാതെ 621.67 ഏക്കർ ഭൂമിയുടെ കൈവശാവകാശവും കടി കിയാലിനുണ്ട്. ഇതിൽ 547 ഏക്കർ ഭൂമിയുടെ ഉടമസ്ഥാവകാശം കിയാലിന് കൈമാറാൻ ഗവൺമെന്റ് ഉത്തരവിറക്കിയിട്ടുണ്ട്. റൺവെ വികസനത്തിന് വേണ്ടി കിയാൽ ഏറ്റെടുത്ത 10.52 ഏക്കർ ഭൂമിക്കും ഉടമസ്ഥാവകാശം കിയാലിനാണ്. മൂന്നാം ഘട്ടത്തിൽ കിൻഫ്ര ഏറ്റെടുത്തിട്ടുള്ള 612.12 ഏക്കർ ഭൂമിയിൽ പ്രവൃത്തി നടത്താനുള്ള അനുവാദം ആവശ്യത്തിനനുസരിച്ച് കിയാലിന് കിൻഫ്രയിൽനിന്നും ലഭിക്കുന്നുണ്ട്.

(സി&ഡി) മൂന്നാം ഘട്ടത്തിൽ ഏറ്റെടുക്കൽ നടപടിയിലുള്ള 785 ഏക്കർ ഭൂമിയിൽ ഇതുവരെ ഏറ്റെടുത്ത 612.12 ഏക്കറിൽ ബാക്കി ഭൂമി, എമർജൻസി റോഡിനുള്ള 40 സെന്റ് ഭൂമി, റൺവെ 3400 മീറ്റർ ആക്കാനുള്ള ഏകദേശം 75 ഏക്കർ ഭൂമി, 11.44 ഏക്കർ ഭൂമിയിൽ നേരിട്ട് ഏറ്റെടുക്കാൻ അനുമതി കിട്ടിയതിൽ ബാക്കിയുള്ള 92 സെന്റ് ഭൂമി, റൺവെ നിർമ്മാണ പ്രവൃത്തിക്കും, ഫയർ എക്സിറ്റ്ഗേറ്റിനും ആവശ്യമായ 4262 സ്ക്വയർ മീറ്റർ ഭൂമി, മഴവെള്ളം ഒഴുകി പോകുവാൻ ഓടകൾ നിർമ്മിക്കുവാൻ ഏകദേശം 18 ഏക്കർ ഭൂമി എന്നിവ ഏറ്റെടുക്കാൻ ബാക്കിയുള്ള ഭൂമികളാണ്.

മേൽപ്പറഞ്ഞ ഭൂമിയുടെ ഏറ്റെടുക്കൽ പ്രക്രിയയുടെ തൽസ്ഥിതി താഴെപ്പറയും പ്രകാരമാണ്:

ക്രമ നമ്പർ	ഭൂമിയുടെ അളവ്	ആവശ്യം	തൽസ്ഥിതി
1	40 സെന്റ്	എമർജൻസി റോഡ്	SLEC യുടെ അംഗീകാരം
2	75 ഏക്കർ	റൺവെ വികസനം	സർവ്വെ പൂർത്തിയാക്കി സാങ്കേതിക പരിശോധന
3	92 സെന്റ്	റൺവെ വികസനം	ഭൂവുടമകൾ രേഖകൾ ഹാജരാക്കേണ്ടതുണ്ട്
4	4262 സ്ക്വയർ മീറ്റർ	റൺവെ നിർമ്മാണത്തിനും ഫയർ എക്സിറ്റ്ഗേറ്റിനും	ഏറ്റെടുക്കൽ നടപടിക്കാവശ്യമായ സർക്കാർ ഉത്തരവ് പ്രതീക്ഷിക്കുന്നു

5	18 ഏക്കർ	എയർപോർട്ടിൽ നിന്നുള്ള മഴവെള്ളം ഒഴുക്കി വിടുന്നതിനായി ഓട നിർമ്മിക്കുന്നതിന്	മൈനർ ഇറിഗേഷൻ വകുപ്പ് ആവശ്യമായ സ്ഥലം നിജപ്പെടുത്തേണ്ടതുണ്ട്.

കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവള നിർമ്മാണം

209 (217) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി എത്ര തുകയുടെ പ്രോജക്ടിനാണ് അനുമതി നൽകിയത് ; ഏതെല്ലാം പ്രവർത്തികൾക്ക് എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്ന റെയിൽവേ നിർമ്മാണത്തിനായി അംഗീകരിച്ച പ്രോജക്ട് റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) അന്താരാഷ്ട്ര മാനദണ്ഡങ്ങൾ പ്രകാരം ഒരു സാധാരണ എയർപോർട്ട് റൺവേക്ക് ഏറ്റവും കുറഞ്ഞത് എത്ര മീറ്റർ നീളം വേണമെന്നാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് ; വലിയ എയർ ക്രാഫ്റ്റുകൾ പറന്നിറങ്ങണമെങ്കിൽ റൺവേക്ക് എത്ര മീറ്റർ നീളം വേണമെന്നാണ് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് ;

(ഡി) കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണം പൂർത്തിയായി വരുന്ന റൺവേയുടെ ദൈർഘ്യം എത്ര മീറ്ററാണെന്ന വ്യക്തമാക്കുമോ ;

(ഇ) കേരളത്തിലെ മറ്റ് വിമാനത്താവളങ്ങളിലെ നിലവിലുള്ള റൺവേകളുടെ ദൈർഘ്യം എത്ര മീറ്ററാണെന്ന വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly